തിരികെ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻമൂലം ഗുരുതരമായതും ദീർഘകാല ചികിത്സ ആവശ്യമുള്ളവരുമായ രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷനായി 300 രൂപ ലഭിക്കുന്നവർക്ക് 1700 രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2000 രൂപയും എൻഡോസൾഫാൻ ദുരിതബാധിതരിൽ രോഗികളായ മറ്റുള്ളവർക്ക് 1000 രൂപ വീതവും പ്രതിമാസം ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർ മുഖേനയാണ് എൻഡോസൾഫാൻ ദുരിതബാധിതരുടെ സ്ഥിതി വിവരകണക്കുകൾ ശേഖരിച്ചിരിക്കുന്നത്. പുതിയതായി എൻഡോസൾഫാൻ ദുരിതബാധിതരുടെ സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നത് സംബന്ധിച്ച് നടപടികളെക്കുറിച്ച് തീരുമാനിച്ചിട്ടില്ല.

(സി) കാസർഗോഡിനു പുറമേ ഇടുക്കി, വയനാട്, പാലക്കാട് തുടങ്ങിയ ജില്ലകളിൽ എൻഡോസൾഫാൻ കീടനാശിനിമൂലം ദുരിതമനുഭവിക്കുന്നത് സംബന്ധിച്ച് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല.

എൻഡോസൾഫാൻ ഉപയോഗം

56 (108) ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. ജയരാജൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിരോധിക്കപ്പെട്ട എൻഡോസൾഫാൻ അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ച് വ്യാപകമായി തോട്ടങ്ങളിൽ ഉപയോഗിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) എൻഡോസൾഫാൻ രാജ്യത്ത് ഒട്ടാകെ നിരോധിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി ഏതെങ്കിലും പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) എൻഡോസൾഫാൻ ദുരിതബാധിതർക്കായി ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ട നിർദ്ദേശം ആഭ്യന്തര വകുപ്പിനും നികുതി വകുപ്പിനും എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

(ബി) എൻഡോസൾഫാൻ കീടനാശിനിയുടെ ഉൽപ്പാദനവും വിപണനവും ഉപയോഗവും സമ്പൂർണ്ണമായി രാജ്യത്ത് നിരോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള കൃഷി വകുപ്പുമന്ത്രി ശ്രീ.മുല്ലക്കര രത്നാകരൻ ബഹു. കേന്ദ്ര കൃഷി വകുപ്പുമന്ത്രി ശ്രീ. ശരത് പവാറിന് കത്ത് നൽകിയിരുന്നു. ആയതിന് ലഭിച്ച മറുപടിയിൽ നിലവിൽ ലഭ്യമായ ഏറ്റവും പുതിയ ശാസ്ത്രീയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു പുതിയ പരിശോധനയ്ക്കായി ഒരു വിദഗ്ധ സമിതിയെ അടുത്തകാലത്ത് രൂപീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് കൂടുതൽ വിവരങ്ങളൊന്നുംതന്നെ സർക്കാരിൽ ലഭ്യമായിട്ടില്ല.

പ്രസ്തുത മറുപടിയെ തുടർന്ന് പരിശോധനയ്ക്കായി ഒരു പുതിയ കമ്മിറ്റിയെ അല്ല സംസ്ഥാനത്തിന് വേണ്ടതെന്നും ദുരിത ബാധിതരെ സഹായിക്കുന്നതിനായുള്ള ഒരു പ്രത്യേക പാക്കേജാണ് വേണ്ടതെന്നും ആവശ്യപ്പെട്ടുകൊണ്ട് വീണ്ടും കൃഷി വകുപ്പുമന്ത്രി കേന്ദ്ര കൃഷി വകുപ്പ് മന്ത്രിക്ക് ഫാക്സ് സന്ദേശം അയച്ചിട്ടുണ്ട്. പിന്നീട് മറ്റ് വിവരങ്ങളൊന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല.

(സി) എൻഡോസൾഫാൻ ദുരിതബാധിതരായ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമർപ്പിക്കേണ്ടതിനായി ഒരു പാക്കേജ് ആരോഗ്യ വകുപ്പിൽ തയ്യാറാക്കിവരുന്നു.

(ഡി) എൻഡോസൾഫാൻ ദുരിതബാധിതർക്കായി കാസർഗോഡ് ജില്ലാ കളക്ടർ കൺവീനറായും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും 'എൻഡോസൾഫാൻ വിക്ടിംസ് ആന്റ് റെമഡിയേഷൻ സെൽ' 23-2-2007-ലെ സർക്കാർ ഉത്തരവ് 11/2007 പ്രകാരം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. മരണമടഞ്ഞവരുടെ ആശ്രിതർക്ക് 50,000 രൂപ വീതം 178 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സയ്ക്കും പുനരധിവാസത്തിനും വേണ്ടി ആശുപത്രികളുടെ നവീകരണത്തിനും ചികിത്സാ സൗകര്യങ്ങൾക്കും താൽക്കാലിക ജീവനക്കാർക്കും മറ്റുമുള്ള ചെലവിനുമായി ആരോഗ്യ വകുപ്പിന് 125 ലക്ഷം രൂപയും ആയുർവേദ വകുപ്പിന് 3 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ചിരുന്നു. മന്ത്രിസഭാ തീരുമാനപ്രകാരം കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

(i) എൻഡോസൾഫാൻ ദുരിതബാധിതരിൽ ദീർഘകാല ചികിത്സ ആവശ്യമുള്ളവരും തൊഴിലെടുക്കാൻ കഴിയാത്തവരുമായവർക്ക് 2000 രൂപയും (300 രൂപ വികലാംഗപെൻഷൻ ലഭിക്കുന്നവർക്ക് 1700 രൂപ) മറ്റ് തരത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

രോഗങ്ങൾ ഉള്ളവർക്ക് 1000 രൂപയും പ്രതിമാസ ധനസഹായം നൽകുന്നതിന് സാമൂഹ്യക്ഷേമ വകുപ്പിനെയും കേരള സോഷ്യൽ സെക്യൂരിറ്റി മിഷനെയും ചുമതലപ്പെടുത്തി. (സ.ഉ.(എം.എസ്)നം.89/2010/സാക്ഷേവ., തീയതി 6-12-2010)

(ii) ദുരിതബാധിർക്ക് സൗജന്യറേഷൻ അനുവദിക്കുകയും ഇതിന് കാസർഗോഡ് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. (സ.ഉ.(സാധ)നം.5216/10/റവ., തീയതി 3-12-2010) 11 പഞ്ചായത്തുകളിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുവാനും വിദഗ്ധ (സ്പെഷ്യലിസ്റ്റ്) ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാനും തീരുമാനിച്ചു. വികലാംഗർക്ക് വീൽചെയറും മറ്റ് ഉപകരണങ്ങളും സൗജന്യമായി നൽകും. 'ആശ' വോളണ്ടിയർമാരും മറ്റ് ആരോഗ്യപ്രവർത്തകരും വഴി സാന്ത്വനചികിത്സ നൽകും. അധിക ജോലികൾക്കായി വേണ്ടിവരുന്ന ഡോക്ടർമാരെയും, മറ്റ് പാരാമെഡിക്കൽ സ്റ്റാഫിനേയും എൻ.ആർ.എച്ച്.എം.മുഖേന താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാൻ നടപടി സ്വീകരിച്ചു.

മേഖലയിലെ 13 പ്രാഥമികാരോഗ്യ/സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിൽ ഒരു വാഹനം വീതം ലഭ്യമാക്കുന്നതാണ്. രാവിലെ 9 മണി മുതൽ വൈകിട്ട് 5 വരെ രോഗികളുടെ യാത്രയ്ക്കാണ് ഇവ ഉപയോഗിക്കേണ്ടത്. ഇപ്പോൾ കാസർഗോഡുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റിനു പുറമേ പെരിയയിലും ബദിയഡുക്കയിലും ഓരോ മൊബൈൽ യൂണിറ്റ് ലഭ്യാക്കും. മൂന്ന് വിഭാഗങ്ങളിലെയും ഓരോ ഡോക്ടർ, ഒരു പുരുഷ നേഴ്സ്, ഒരു സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവർ സംഘത്തിലുണ്ടാകും.

ദുരിതബാധിതർക്ക് ആവശ്യമായ മുഴുവൻ മരുന്നുകളും മറ്റ് ഉപകരണങ്ങളും സൗജന്യമായി വാങ്ങി നൽകുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാരെ ചുമതലപ്പെടുത്തി.

സാന്ത്വന പരിചരണത്തിനും ചികിത്സയ്ക്കും പഞ്ചായത്തുകൾ പ്രത്യേക കർമ്മപരിപാടി തയ്യാറാക്കണമെന്ന് തീരുമാനിച്ചു. ഇതിനായി പരിശീലനം കിട്ടിയ 184 'ആശ' വേളണ്ടിയർമാരുടെ സേവനം ഉപയോഗിക്കുന്നതാണ്.

എൻഡോസൾഫാൻ, ദുരിതബാധിതർക്ക് സാമ്പത്തിക സഹായം

57 (109) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൻഡോസൾഫാൻ നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവ് എന്നാണ് നിലവിൽ വന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിലെ ഏതെല്ലാം പ്രദേശങ്ങളിലെ തോട്ടങ്ങളിലാണ് എൻഡോസൾഫാൻ കീടനാശിനി ഉപയോഗിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇത് സംബന്ധമായി സംസ്ഥാന സർക്കാരോ മറ്റേതെങ്കിലും ഏജൻസിയോ സർവ്വേ നടത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സർവ്വേയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) എൻഡോസൾഫാൻ കീടനാശിനി ഉപയോഗം വഴി മരണപ്പെട്ടവർക്കും ചികിത്സയിൽ കഴിയുന്നവർക്കും സംസ്ഥാന സർക്കാർ എന്തൊക്കെ സാമ്പത്തിക സഹായം നൽകി എന്നും, എത്ര രൂപ വീതം ആർക്കൊക്കെ നൽകി എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly